പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1644 21/01/2014-ൽ മറുപടിയ്ക്ക്

# കർഷകർക്ക് പെൻഷൻ, സബ്സിഡി വിതരണം

ചോദ്യം
ശ്രീ. സി.കൃഷ്ണൻ

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

എ) കർഷകർക്ക് അനുവദിച്ച പെൻഷൻ, സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളിൽ എത്ര തുക കർഷകരുടെ അക്കൗണ്ടിലേക്ക് മാറ്റാനുണ്ടെന്ന കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ;

എ) ഇ-പേയ്മെന്റ് വഴി കർഷകർക്ക് മാറ്റാനുള്ള ജില്ല തിരിച്ചുള്ള തുക ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | തിരുവനന്തപുരം | 44.75360 |
| 2. | കൊല്ലം | 250.77189 |
| 3. | പത്തനംതിട്ട | 44.79453 |
| 4. | ആലപ്പുഴ | 460.94638 |
| 5. | കോട്ടയം | 231.25827 |
| 6. | ഇടുക്കി | 242.00000 |
| 7. | എറണാകുളം | 355.70242 |
| 8. | തൃശ്ശൂർ | 135.25467 |
| 9. | പാലക്കാട് | 1365.73137 |
| 10. | മലപ്പുറം | 317.94710 |
| 11. | കോഴിക്കോട് | 566.12976 |
| 12. | വയനാട് | 84.39545 |
| 13. | കണ്ണൂർ | 679.75000 |
| 14. | കാസർഗോഡ് | 316.18687 |
| | **ആകെ** | **5095.61691** |

ബി) പ്രസ്തുത തുക കർഷകരുടെ അക്കൗണ്ടിലേക്ക് മാറ്റാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ബി) ഉണ്ട്. ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരംനാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ തയ്യാറാക്കിയ ഇലക്ട്രോണിക്സ് ബെനിഫിറ്റ് ട്രാൻസ്ഫർ ഫോർ ഗവൺമെന്റ് ഓഫ് കേരള എന്ന സോഫ്ട് വെയർ സംവിധാനത്തിലൂടെ തുക തിരസ്കരിക്കപ്പെടുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റിൽ പദ്ധതി, ബിൽ നമ്പർ, കൃഷി ഭവൻ തുടങ്ങിയ വിശദാംശങ്ങൾ കൂടി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മൊബൈൽ ഫോൺ ഉള്ള കർഷകർക്ക് തുക കൈമാറിയ

അല്ലെങ്കിൽ തിരസ്കരിക്കപ്പെട്ട വിവരം എസ്.എം.എസ് ആയി അറിയിക്കുവാനുള്ള സംവിധാനവും നിലവിലുണ്ട്. ഇപ്രകാരം തുക ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ സാധിക്കുന്നതാണ്. ഈ സോഫ്ട് വെയറിന്റെ ബാങ്കുകളുമായുള്ള ടെസ്റ്റിങ്ങ് നടന്നു വരുന്നുണ്ട്. ഫെബ്രുവരിയിൽ പുതിയ സോഫ്ട് വെയർ നൽകുന്നതോടെ പരാതികൾ പരിഹരിക്കുന്നതിനും കഴിയും.

**സെക്ഷൻ ഓഫീസർ**